# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 319 11.11.2019-ൽ മറുപടിക്ക്

## സൈബർ സെല്ലിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.വി. ജോയി<br>ശ്രീ.കെ.യു. ജനിഷ് കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മയക്ക മരുന്ന് വ്യാപാരവും പണം തട്ടിപ്പും മുതൽ ആയുധക്കടത്ത് വരെ ഓൺലൈനിൽ സാധ്യമാകുന്ന ഡാർക് വെബിന്റെ ചതിക്കുഴിയിൽ ആളുകൾ പെടാതിരിക്കാൻ സ്വീകരിച്ചു വരുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) ഡാർക്ക് നെറ്റിലെ വിവരങ്ങൾ സാധാരണ ഇന്റർനെറ്റ് ബ്രൗസറുകളിൽ കൂടി ലഭ്യമാവുകയില്ല. അതിന് പ്രത്യേകം ലഭ്യമായിട്ടുള്ള ടോർ (TOR) പോലുള്ള ബ്രൗസറുകളിൽ കൂടി മാത്രമേ സാധ്യമാകുകയുള്ളൂ. ഡാർക്ക് നെറ്റിലെ ആശയവിനിമയങ്ങൾ എൻക്രിപ്റ്റ് ചെയ്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കണക്റ്റഡ് നെറ്റ് വർക്ക് (എക്സിറ്റ് നോഡ്) വഴിയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ആയതിനാൽ ഇവയെ നിരീക്ഷിക്കുകയും, കണ്ടെത്തുകയും ചെയ്യുന്നത് ശ്രമകരമാണ്. എന്നിരുന്നാൽ തന്നെയും സൈബർ ഡോമിന്റെ കീഴിലുള്ള ഡാർക്ക് വെബ് അനാലിസിസ് ലാബിലൂടെ ഡാർക്ക് നെറ്റിലെ ഇത്തരം പ്രവൃത്തികൾ സസൂക്ഷ്മം നിരീക്ഷിക്കുകയും സോഷ്യൽ എൻജിനീയറിംഗ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരക്കാരെ കണ്ടെത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ഡാർക്ക് നെറ്റ് വഴി വരുന്ന പണം തട്ടിപ്പുകളുടെയും, ക്രെഡിറ്റ് ഡെബിറ്റ് കാർഡുകളുടെ വിവരങ്ങളും ശേഖരിച്ച് റിപ്പോർട്ട് നൽകുകയും, അവ തടയുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഡാർക്ക് വെബിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് സോഷ്യൽ മീഡിയ വഴിയും, പ്രത്യേക Awareness Campaign വഴിയും പൊതുജനങ്ങളെയും, കുട്ടികളെയും ബോധവൽക്കരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വിവിധ ആപ്പുകളും ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളും വ്യക്തിപരവും | (ബി) ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് |

ഔദ്യോഗികവുമായ വിവരം ചോർത്തുന്ന സ്ഥിതിക്ക് വിവര ചോർച്ച സൃഷ്ടിക്കുന്ന അപായം ഒഴിവാക്കാൻ ബോധവത്ക്കരണ പ്രവർത്തനം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കി സമയാസമയങ്ങളിൽ വെബ് സൈറ്റുകൾ വഴിയും, സോഷ്യൽ മീഡിയ വഴിയും, ഇ-മെയിൽ മുഖാന്തിരവും പൊതുജനങ്ങളിലേക്കും വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും എത്തിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം നടത്തി വരുന്ന അവയർനെസ് ക്ലാസുകളിൽ സൈബർ സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ക്ലാസുകൾ നൽകി വരുന്നു. വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും, പ്രൈവറ്റ് സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, തങ്ങളുടെ കീഴിലുള്ള വെബ്സൈറ്റുകൾ സുരക്ഷിതമായിരിക്കുവാൻ സ്വീകരിക്കേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി സെക്യൂർ കോഡിംഗ് വർക്ക് ഷോപ്പുകളും വർഷാവർഷം നടക്കുന്നുണ്ട്. കൂടാതെ കംപ്യൂട്ടറുകളിലും, മൊബൈലുകളിലും ആപ്പുകളും മറ്റും ഇൻസ്റ്റാൾ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം കുട്ടികൾക്കും, അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി കിഡ്ഗ്ലോ എന്ന പേരിൽ സൈബർ സുരക്ഷാ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്.

(സി) കേരള പോലീസിന്റെ സൈബർ സെല്ലിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ട്. കേരളത്തിലെ 19 പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. സൈബർ സെല്ലുകളുടെ അംഗബലം, പ്രവൃത്തിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ യോഗ്യത, കഴിവ്, പരാതികളുടെ കണക്ക് വിവരം, സെല്ലുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ, ഹാർഡ് വെയർ, ടൂൾസ് എന്നിവ അടിസ്ഥാനമാക്കി ഒരു ഓഡിറ്റ് ടെലികമ്യൂണിക്കേഷൻ പോലീസ് സൂപ്രണ്ട് നടത്തിയിട്ടുണ്ട്. തുടർന്ന് പോലീസ് സൂപ്രണ്ട് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ട് ക്രൈം ബ്രാഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ചെയർമാനായ ഒരു കമ്മിറ്റി പരിശോധിക്കുകയും, സൈബർ സെല്ലുകൾക്കാവശ്യമായ ആധുനിക ടൂൾസ് ലഭ്യമാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുമുണ്ട്.

ഇതേത്തുടർന്ന് സൈബർ സെല്ലുകളുടെ പ്രവർത്തനങ്ങൾക്കായി പ്ലാൻ സ്കീമിൽ 2019-20 സാമ്പത്തിക വർഷത്തിൽ 114 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, ജില്ലാ സൈബർ സെല്ലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കുന്നതിനായി 2018-19 പ്ലാൻ സ്കീമിൽ 20 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

(ഡി) സൈബർ ഡോമിന് അന്താരാഷ്ട്ര അവാർഡുകൾ കരസ്ഥമാക്കാനായിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) ഉണ്ട്. സൈബർ ഡോമിന് താഴെപ്പറയുന്ന അന്താരാഷ്ട്ര അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

- 2018-ലെ ഏഷ്യാ പസഫിക് റീജിയണിലെ ഇൻഫോർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്.
- ബെസ്റ്റ് ഡിജിറ്റൽ ഇനിഷ്യേറ്റീവിനുള്ള 2019-ലെ CISO MAG അവാർഡ്.

സെക്ഷൻ ഓഫീസർ